**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5507** **05-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സ്പോർട്സ് കൗൺസിലിൻെറ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 25-11-2019 ലെ കായിക യുവജനകാര്യ( എ )വകുപ്പിന്റെ കത്ത് (നമ്പർ എ. 2/277/ 2019/ കാ.യു.വ.) പ്രകാരം കേരള തായ്ക്കോണ്ട അസോസിയേഷന്റെ വരവ് ചിലവ് കണക്കുകൾ കേരള സ്പോർട്സ് കൗൺസിലിന്റെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വിഭാഗമായ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിൻെറ പകർപ്പ് ലഭ്യമാക്കാമോ; | (എ) | തായ്ക്കോണ്ടോ അസോസിയേഷൻ ഓഫ് കേരളയുടെ 2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനു (സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന്) വിധേയമാക്കുന്നതിന് വേണ്ടി സ്പോർട്സ് കൗൺസിലിൽ നിന്നും ബന്ധപ്പെട്ട അസോസിയേഷന് കത്ത് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടത്തി റിപ്പോർട്ട് ബന്ധപ്പെട്ട അസോസിയേഷൻ സമർപ്പിച്ചിട്ടില്ല. |
| (ബി) | 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസ് 14 മുതൽ 17 വരെ വകുപ്പുകളിൽ പ്രതിപാദിച്ചിട്ടുള്ള സംവരണ നിയമങ്ങൾ കേരള സ്പോർട്സ് കൗൺസിൽ നടപ്പാക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേരള സ്പോർട്സ് കൗൺസിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സംവരണം നടപ്പിലാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ സ്പോർട്സ് കൗൺസിലിലെ സ്ഥിരം നിയമനങ്ങൾ സർക്കാർ ഉത്തരവുകൾക്ക് വിധേയമായാണ് നടപ്പിലാക്കിവരുന്നത്. |
| (സി) | കേരള സ്പോർട് കൗൺസിലിന്റെ അംഗീകാരമുള്ള എത്ര സ്പോർട്സ് അസോസിയേഷനുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; അംഗീകാരമുള്ള സ്പോർട്സ് അസോസിയേഷനുകളുടെ വരവ് ചെലവ് കണക്കുകൾ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് വിധേയമാക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള 41 കായിക അസോസിയേഷനുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. അംഗീകാരമുള്ള അസോസിയേഷനുകൾ വരവ് ചെലവ് കണക്കുകൾ Chartered Accountant ഓഡിറ്റ് ചെയ്ത വാർഷിക റിപ്പോർട്ട് സഹിതം സ്പോർട്സ് കൗൺസിലിൽ സമർപ്പിക്കാറുണ്ട്. എന്നാൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കാറില്ല. |
| (ഡി) | സ്പോർട്സ് കൗൺസിലിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്നും ഏത് | (ഡി) | സർക്കാർ കാലാകാലങ്ങളായി പുറപ്പെടുവിക്കുന്ന പെൻഷൻ പരിഷ്കരണ ഉത്തരവുകൾ അനുസരിച്ചാണ് കൗൺസിലിൽ നിന്നും വിരമിച്ച |

| | | | |
|---|---|---|---|
| | വകുപ്പ്/ ഉപവകുപ്പ് പ്രകാരമാണെന്നും വ്യക്തമാക്കാമോ; കെ.എസ്.ആർ. പാർട്ട് 3 ( പെൻഷൻ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് ബാധകമാക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | ജീവനക്കാർക്കു പെൻഷൻ ആനുകൂല്യങ്ങൾ നൽകിവരുന്നത്.<br><br>2008 ലെ കേരള സ്പോർട്സ് ചട്ടത്തിലെ അദ്ധ്യായം 2 വകുപ്പ് 22 ഉപവകുപ്പ് 4 (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) പ്രകാരം നിയമനത്തിനുള്ള പ്രായം, പ്രൊബേഷൻ, ശമ്പളവും ബത്തകളും, ആനുകൂല്യങ്ങളും അവകാശങ്ങളും, ശിക്ഷണ നടപടി, റിട്ടയർമെന്റ് പ്രായം എന്നിവ ഉൾപ്പെടെ, കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും, ഉദ്യോഗസ്ഥൻമാരുടെയും സ്റ്റാഫിന്റെയും എല്ലാ സേവന വ്യവസ്ഥകളും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഇ) | കേരള സ്പോർട്സ് കൗൺസിലിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിലാക്കാത്തതെന്ന് വിശദമാക്കാമോ; | (ഇ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കിയിട്ടില്ല. സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിന് മുന്നോടിയായുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (എഫ്) | 2006-07 ൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തിയിട്ടുള്ള സ്പോർട്സ് സൂപ്പർ ബമ്പർ ലോട്ടറി സംബന്ധിച്ച് കോടതിയുടെ നിർദേശാനുസരണം ബഹുമാനപ്പെട്ട വിജിലൻസ് എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് തിരുവനന്തപുരം നടത്തിയ വിജിലൻസ് അന്വേഷണം പൂർത്തിയായോ; എങ്കിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എഫ്) | കുറ്റപത്രം സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

(5) പ്രസിഡന്റ് അംഗീകരിച്ച യോഗ നടപടികൾ കൈപ്പറ്റിയാലുടൻ തന്നെ സെക്രട്ടറി അത് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും അതിൽ പ്രസിഡന്റിന്റെ ഒപ്പ് വയ്ക്കേണ്ടതുമാണ്.

(6) യോഗ നടപടികൾ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തി കഴിഞ്ഞതിനു ശേഷം ഉടനെതന്നെ നടപടികളുടെ പകർപ്പ് അംഗങ്ങൾക്ക് നൽകേണ്ടതാണ്.

21. തീരുമാനങ്ങളിന്മേലുള്ള വിയോജനക്കുറിപ്പ്-ഒരു യോഗത്തിലെ നടപടികളെക്കുറിച്ച് ഏതെങ്കിലും വിയോജിപ്പുള്ള ഒരു അംഗം നടപടി കൈപ്പറ്റി നാൽപ്പത്തിയെട്ടു മണിക്കൂറിനുള്ളിൽ അക്കാര്യം സെക്രട്ടറിയേയും പ്രസിഡന്റനേയും അറിയിക്കേണ്ടതാണ്.

22. സ്പോർട്സ് കൗൺസിലുകളിലെ ഉദ്യോഗസ്ഥൻമാരുടെയും സ്റ്റാഫിൻെയും നിയമനവും സേവന വ്യവസ്ഥകളും:-(1) നേരിട്ടുള്ള നിയമനത്തിന്റെ എല്ലാ സംഗതികളിലും സ്റ്റാന്റിംഗ് കമ്മിറ്റി അതതു സമയം സ്വീകരിച്ച ചട്ടങ്ങളും റഗുലേഷനുകളും, ആ ചട്ടങ്ങളും റഗുലേഷനുകളും സർക്കാരിനാൽ അംഗീകരിക്കപ്പെടുന്നതിനു വിധേയമായി, അനുവർത്തിക്കേണ്ടതാണ്.

(2) നേരിട്ടുള്ള നിയമനത്തിന്റെ എല്ലാ സംഗതികളിലും തസ്തികകളുടെ അൻപതു ശതമാനം അന്തർദ്ദേശീയാമോ, ദേശീയാമോ, സംസ്ഥാനമോ തലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള സ്പോർട്സ് പേഴ്സൺസിനായി സംവരണം ചെയ്യേണ്ടതാണ്.

(3) സർവ്വീസിലെ സെലക്ടു ചെയ്യപ്പെട്ട കാറ്റഗറികളിലേക്കും ഗ്രേഡുകളിലേക്കുമുള്ള നിയമനത്തിനു വേണ്ടിയുള്ള ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്ന ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി നടത്തേണ്ടതാണ്.

(4) നിയമനത്തിനുള്ള പ്രായം, പ്രൊബേഷൻ, ശമ്പളവും ബത്തകളും, ആനുകൂല്യങ്ങളും അവകാശങ്ങളും, ശിക്ഷണ നടപടി, റിട്ടയർമെന്റു പ്രായം എന്നിവ ഉൾപ്പെടെ, കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും, ഉദ്യോഗസ്ഥൻമാരുടെയും സ്റ്റാഫിന്റെയും എല്ലാ സേവന വ്യവസ്ഥകളും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതാണ്.

23. സംസ്ഥാന സ്പോർട്സ് കൗൺസിലിന് സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും കൈയൊഴിയുന്നതിനുമുള്ള അധികാരങ്ങൾ-(1) സംസ്ഥാന സ്പോർട്സ് കൗൺസിലിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി, ആക്റ്റിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ട ഏർപ്പാടുകളോ സൗകര്യങ്ങളോ പ്രദാനം ചെയ്യുന്നതിനുവേണ്ടി, സ്ഥാവര സ്വത്തുക്കൾ ആർജ്ജിക്കുകയോ കൈയൊഴിയുകയോ ചെയ്യാവുന്നതാണ്.

(2) സംസ്ഥാന സ്പോർട്സ് കൗൺസിലിന്, കളികളും കായിക വിനോദങ്ങളും പ്രോൽസാഹിപ്പിക്കുന്നതിനായി സ്റ്റേഡിയങ്ങളോ കളിസ്ഥലങ്ങളോ സ്പോർട്സ് സ്കൂളുകളോ സ്പോർട്സ് ഹോസ്റ്റലുകളോ വ്യാപാര ആവശ്യങ്ങൾക്കുള്ളതോ അല്ലാത്തതോ ആയ കെട്ടിടങ്ങളോ നിർമ്മിക്കാവുന്നതാണ്.

എന്നാൽ വ്യാപാര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളോ മുറികളോ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളോടൊ മറ്റു കളിസ്ഥലങ്ങളോടൊ ചേർന്നോ അവയുടെ വളരെ അടുത്തോ മാത്രമേ നിർമ്മിക്കുവാൻ പാടുള്ളൂ.

(3) സംസ്ഥാന സ്പോർട്സ് കൗൺസിലിന് സ്റ്റേഡിയങ്ങളോ കളി സ്ഥലങ്ങളോ കെട്ടിടങ്ങളോ മുറികളോ മറ്റു സൗകര്യങ്ങളോ അവ ആവശ്യപ്പെടുന്ന പൊതുജനങ്ങൾക്ക് ലൈസൻസിൻമേൽ നൽകാവുന്നതും അവ ഉപയോഗിക്കുന്നതിനും